***'CORRUPTION, A CRIME AGAINST NATION'***


വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471-2305393


തീയതി:22.02.2019

# കൈക്കൂലി വാങ്ങുന്നതിനിടെ താലൂക്ക് സർവ്വേ ഓഫീസർ വിജിലൻസ് പിടിയിൽ.

കൈക്കൂലി വാങ്ങുന്നതിനിടെ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്ക് സർവ്വേ ഓഫീസർ വിജിലൻസ് പിടിയിൽ . മലപ്പുറം ജില്ലയിലെ വാളാഞ്ചേരി സ്വദേശിയായ ശങ്കര നാരായണനാണ് 14000 /-രൂപ കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസിന്റെ പിടിയിലായത്. ഇന്ന് (22 -2 -19) വൈകുന്നേരം 6 മണിയോടെ ഇന്ത്യനൂർ എന്ന സ്ഥലത്തു വച്ച് കൈക്കൂലി വാങ്ങുമ്പോഴാണ് വിജിലൻസ് പിടിയിലായത്. മലപ്പുറം ജില്ലയിലെ ഇന്ത്യ നൂർ സ്വദേശിയായ മുഹമ്മദ് ഹാജി ടി യാന്റെ രണ്ടര ഏക്കർ ഭൂമിയിൽ റീസർവ്വേ നടന്നപ്പോൾ കണ്ടെത്തിയ അപാകത ശരിയാക്കുന്നതിന് 2018 ഡിസംബറിൽ വില്ലേജ് ഓഫീസറെ സമീപിക്കുകയും വില്ലേജ് ഓഫീസർ ആവശ്യപ്പെട്ട പ്രകാരം താലൂക് ഓഫീസറിൽ നിന്നും ഭൂമി അളന്ന് സ്കെച്ച് വാങ്ങി നൽകുന്നതിന് താലൂക്ക് സർവെയർക്ക് 2018 ഡിസംബറിൽ അപേക്ഷ നൽകിയെങ്കിലും കുറച്ച് പ്രയാസപ്പെട്ട ജോലിയാണെന്ന് പറഞ്ഞു 20000 /- രൂപ കൈക്കൂലി ആവശ്യപ്പെടുകയാണ് ഉണ്ടായത്. തുടർന്ന് ശങ്കര നാരായണനുമായി സംസാരിച്ച് 14000 /-രൂപയായി കുറച്ച് ഇന്ന്

വസ്തു അളന്ന ശേഷം കൈക്കൂലി തുക ആവശ്യപ്പെട്ട് കൈമാറുമ്പോഴാണ് മലപ്പുറം  വിജിലൻസ് യൂണിറ്റ് DySP ശ്രീ. രാമചന്ദ്രന്റെ   നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്. വിജിലൻസ് സംഘത്തിൽ പൊലീസ് ഇൻസ്‌പെക്ടറുമാരായ മനോജ് ,റഫീഖ് , എ.എസ്.ഐ മാരായമോഹൻദാസ്,ശ്രീനിവാസൻ,റഫീഖ് ,ഹനീഫ ,പ്രദീപ് എന്നിവരും  ഉണ്ടായിരുന്നു. പ്രതിയെ കോഴിക്കോട് വിജിലൻസ് കോടതിയിൽ ഹാജരാക്കും .